

# ക്യാമ്പ് മാനേജ്മെന്റ്

# ക്യാമ്പ് മാനേജ്മെന്റ് ടീം

- പ്രദേശത്തെ എല്ലാ വ്യക്തികളുമായി അടുത്ത ബന്ധമുള്ള നാട്ടിൽ സജീവമായി നിൽക്കുന്ന ആളുകളെയാണ് ഈ ടീമിലേക്ക് ആവശ്യം
- ദുരന്ത സാഹചര്യത്തിൽ  ഒഴിപ്പിക്കപ്പെടുന്ന ആളകൾക്ക് താമസിക്കാൻ തയ്യാറാക്കുന്ന കേന്ദ്രങ്ങൾ പരാതി രഹിതമായും കാര്യക്ഷമമായും പ്രവർത്തിപ്പിക്കാൻ പ്രാപ്തിയും കാര്യക്ഷമതയും ഉള്ളവരുടെ സേനയാണിത്

# ഉള്ളടക്കം

- പൊതുനിർദ്ദേശങ്ങൾ
- കോവിഡ് 19 സംബന്ധിച്ച നിർദ്ദേശങ്ങൾ
- പരിഗണനാ വിഭാഗങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ
- ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ
- ഭക്ഷണ ക്രമീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ
- മൃഗങ്ങളുടെ ക്യാമ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

# പൊതുനിർദ്ദേശങ്ങൾ

- ക്യാമ്പ് കെട്ടിടങ്ങളുടെ തിരഞ്ഞെടുപ്പിൽ പങ്കാളിത്തം ഉറപ്പാക്കുക
- മുന്നറിയിപ്പ് ടീമിൽ നിന്ന് വിവരം ലഭിച്ചാൽ ഉടൻ തന്നെ ക്യാമ്പുകൾ തുടങ്ങാൻ സജ്ജരാകുക
- ടീമിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക
- ഉദ്യോഗസ്ഥരുമായി സഹകരിച്ചു പ്രവർത്തിക്കുക
- ക്യാമ്പിലെ അംഗങ്ങളുടെ എല്ലാത്തരം ആവശ്യങ്ങളും പരിഹരിക്കാൻ ശ്രമിക്കുക
- ക്യാമ്പിലെ അംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുക

# പ്രത്യേകം ശ്രദ്ധിക്കുമല്ലോ.....

- 20×20 അടി വിസ്തീർണ്ണമുള്ള ഒരു മുറിയിൽ പരമാവധി 8 മുതൽ 12 വ്യക്തികൾക്ക്, അല്ലങ്കിൽ പരമാവധി 2 കുടുംബങ്ങൾക്ക് മാത്രമാണ് നൽകേണ്ടത്
- ക്രമസമാധാന പ്രശ്നം ഉണ്ടാകുന്ന പക്ഷം ക്യാമ്പ് ചാർജ്ജുള്ള ഓഫീസറെ അറിയിക്കേണ്ടതാണ്
- ക്യാമ്പിലെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളോട് ആവശ്യമെങ്കിൽ ദ്വിഭാഷിയുടെ സഹായത്താൽ ആശയവിനിമയം നടത്താൻ ശ്രദ്ധിക്കുക.

# കോവിഡ്-19: നിർദ്ദേശങ്ങൾ

- ക്യാമ്പിലെ എല്ലാ പ്രവർത്തനങ്ങളിലും കോവിഡ് പ്രോട്ടോക്കോൾ ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കണം
- കോവിഡ് സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യത ക്യാമ്പിൽ ഉറപ്പുവരുത്തുക
- ലക്ഷണങ്ങൾ ഉള്ളവർക്ക് കോവിഡ് ടെസ്റ്റ് ചെയ്യാനുള്ള സംവിധാനം ഉറപ്പുവരുത്തുക
- കോവിഡ് നിരീക്ഷണത്തിൽ കഴിയുന്നവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ പ്രത്യേക ടീം സജ്ജമാക്കുക

# പ്രത്യേകം ശ്രദ്ധിക്കുമല്ലോ......

- ക്യാമ്പിൽ പൊതുവായി കൈമാറ്റം ചെയ്യുന്ന ദിനപ്പത്രം , പുസ്തകം, മാസിക എന്നിവ ഉപയോഗിക്കുന്നത് കോവിഡ് 19 പകരുന്നതിന് സാധ്യത വർധിപ്പിക്കുന്നതിനാൽ അവ ഒഴിവാക്കുക.
- ആരോഗ്യവകുപ്പ് പുറത്തിറക്കുന്ന കോവിഡ് 19 സംബന്ധിച്ച വീഡിയോകൾ ക്യാമ്പിൽ പ്രദർശിപ്പിക്കുക

# പ്രത്യേകം പരിഗണനാ വിഭാഗങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

- സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ എന്നിവരുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതിന് മുൻഗണന
- ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൈകുഞ്ഞുങ്ങൾ എന്നിവരുടെ പോഷകാഹാര പര്യാപ്തത ക്യാമ്പിൽ ഉറപ്പു വരുത്തുക
- ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്ക് പരിഗണന
- കോവിഡ് സാഹചര്യത്തിൽ മുതിർന്ന പൗരന്മാർക്കു പ്രേതേക പരിഗണന
- ക്യാമ്പുകൾ ഭിന്നശേഷി സൗഹൃദമാക്കുവാൻ ശ്രദ്ധിക്കുക
- കുട്ടികളുടെ മാനസിക ഉല്ലാസത്തിന് പ്രത്യേക ശ്രദ്ധ നൽകുക

# പ്രത്യേകം ഉറപ്പുവരുത്തേണ്ടത്

- സാനിറ്ററി നാപ്കിനുകൾ
- കിടപ്പുരോഗികൾക്കുള്ള പാലിയേറ്റിവ് കെയർ സംവിധാനങ്ങൾ
- കൊച്ചു കുട്ടികൾക്കുള്ള ആഹാരം & കളിപ്പാട്ടം
- മുലയൂട്ടുന്ന അമ്മമാർക്ക് സ്ഥലം
- ഭിന്നശേഷിക്കാർക്കുള്ള ഉപകരണങ്ങൾ
- അത്യാവശ്യ മരുന്നുകൾ

# ശുചിത്വ - മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

- കോവിഡ് പ്രതിരോധം കുടി കണക്കിലെടുത്തുള്ള ശുചീകരണം
- പകർച്ച വ്യാധികൾ തടഞ്ഞു നിർത്താൻ വേണ്ട മുൻകരുതലുകൾ
- മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയ നിർമ്മാർജ്ജനവും
- ശുചീകരണ സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തുക

# പ്രത്യേകം ശ്രദ്ധിക്കുമല്ലോ......

- 1% ബ്ലീച്ചിങ് ലായനി (1 ലിറ്റർ വെള്ളത്തിൽ 30 ഗ്രാം പുതിയ ബ്ലീച്ചിങ് പൗഡർ) ഉപയോഗിച്ച് ദിവസത്തിൽ രണ്ട് പ്രാവശ്യം നിലം വൃത്തിയാക്കുക. അതിസ്പർശന പ്രതലങ്ങൾ (ടോയ്‌ലറ്റ് , വാതിൽപിടി, ടേബിളുകൾ ) 1% ബ്ലീച്ചിങ് ലായനി ഉപയോഗിച്ചു ദിവസവും ചുരുങ്ങിയത് 4 തവണ വൃത്തിയാക്കുക.
- കുറഞ്ഞത് 30 പേർക്ക് 1 ടോയ്‌ലറ്റ് ഉറപ്പ് വരുത്തുക
- വസ്ത്രം കഴുകാനായി പ്രത്യേകം സമയം ക്രമീകരിക്കേണ്ടതാണ്

# ഭക്ഷണ ക്രമീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

- ക്യാമ്പിലെ അംഗങ്ങൾക്ക് പ്രത്യേകം ഗ്ലാസുകളും പ്ലേറ്റുകളും നൽകുക
- ഭക്ഷണം കഴിക്കുന്ന സ്ഥലങ്ങളിലെ തിരക്ക് നിയന്ത്രിക്കുക
- കുടിവെള്ളത്തിനായി പ്രത്യേകം ജഗ്ഗുകൾ നൽകുക

# മൃഗങ്ങളുടെ ക്യാമ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

- മൃഗങ്ങളിലെയും പക്ഷികളിലെയും  പകർച്ച വ്യാധികൾ പരിഗണിക്കുന്നതിൽ ശ്രദ്ധിക്കുക
- ക്യാമ്പിലെ മാലിന്യ നിർമാർജ്ജനത്തിൽ പ്രതേകം ശ്രദ്ധ നൽകുക
- മൃഗങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ട മുൻകരുതലുകൾ
- മൃഗങ്ങളുടെ ഭക്ഷണവുമായി ബന്ധപ്പെട്ട മുൻകരുതലുകൾ

# ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക....

- ക്യാമ്പിൽ പ്രവേശിപ്പിക്കപ്പെടുന്ന അന്തേവാസികളോട് കരുണയോടും സഹാനുഭൂതിയോടും പെരുമാറുക
- ക്യാമ്പിന്റെ നടത്തിപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുക.
- ക്യാമ്പുകളിൽ മദ്യം, പുകയില, ഇതര ലഹരി വസ്തുക്കളുടെ വില്പനയോ ഉപയോഗമോ ഇല്ല എന്ന് ഉറപ്പ് വരുത്തുക
- ക്യാമ്പുകളിൽ രാഷ്ട്രീയ പാർട്ടികളുടെയോ സംഘടനകളുടെയോ കൊടിയോ അടയാളങ്ങളോ പ്രദർശിപ്പിക്കരുത്
- മതം, ജാതി, വർഗ്ഗം , ലിംഗം, രാഷ്ട്രീയം തുടങ്ങിയവയുടെ പേരിൽ അന്തേവാസികളോട് വിവേചനം കാണിക്കരുത്.